**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1224** **12-02-2025 - ൽ മറുപടിയ്ക്ക്**

**വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി റിംഗ് റോഡ് നിർമ്മാണ പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കെ.ആർ.എഫ്.ബി. , പി.എം.യു. മുഖേന നടപ്പിലാക്കി വരുന്ന വളാഞ്ചേരി റിങ് റോഡ് പ്രവൃത്തിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി തത്വത്തിൽ ഭരണാനുമതി നൽകുകയും മലപ്പുറം PWD റോഡ്സ് വിഭാഗം മുഖേന ഈ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പ്രാഥമികഘട്ടത്തിൽ നടത്തുകയും ചെയ്തു. എന്നാൽ പ്രസ്തുത അലൈൻമെൻറ് അനുയോജ്യമല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് വളാഞ്ചേരി നിലമ്പൂർ റോഡിലെ വൈക്കത്തൂർ എന്ന സ്ഥലത്ത് നിന്ന് തുടങ്ങി കൊപ്പം വളാഞ്ചേരി റോഡ് വഴി പനവേൽ-കൊച്ചി-കന്യാകുമാരി നാഷണൽ ഹൈവേ 66 ലെ ഒണിയപാലം എന്ന സ്ഥലത്തു അവസാനിക്കുന്ന രീതിയിൽ പുതുക്കിയ അലൈൻമെന്റ് പ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തി പുതുക്കിയ DPR തയാറാക്കുന്നതിന് ഡിസൈൻ വിങ്ങിനു നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് 05/06/2024 തീയതിയിൽ RIQCL കോഴിക്കോട് വിഭാഗം KRFB ഉദ്യോഗസ്ഥരുമായി പ്രാഥമിക സ്ഥലപരിശോധന നടത്തിയിരുന്നു. നിലവിൽ ഇൻവെസ്റ്റിഗേഷൻ വർക്കുകൾ RIQCL നേതൃത്വത്തിൽ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും ഡി.പി.ആർ. -ന അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് RIQCL വിഭാഗം മുഖേന പ്രസ്തുത റോഡിന്റെ DPR തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗമിച്ച് വരികയാണ്. |
| (സി) | നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി, DPR തയ്യാറാക്കി ലഭ്യമായാലുടൻ ആയത് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി കിഫ്ബിയിലേക്ക് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ